സിനിമാ തിയേറ്റർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

68 (2646) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സിനിമാ തിയേറ്റർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ചുള്ള ശങ്കരൻ നായർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ റിപ്പോർട്ട് ലഭിച്ചിട്ട് എത്രകാലമായെന്ന് വ്യക്തമാക്കുമോ ;

(സി) റിപ്പോർട്ടിലെ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 22-5-1999 ലാണ് റിപ്പോർട്ട് സർക്കാരിനു ലഭിച്ചു.

(സി) റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിക്കുകയും അതിലെ ശുപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിജ്ഞാപനത്തിന്റെ കരട് ലേബർ കമ്മീഷണറോട് ആവശ്യപ്പെടുകയും, ലേബർ കമ്മീഷണർ നൽകിയ കരട് വിജ്ഞാപനം കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ മിനിമം വേതന ഉപദേശക സമിതിയുടെ പരിഗണനയ്ക്കായി നൽകുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ചുരുങ്ങിയ കാലയളവിൽ ഇതിലെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയുമെന്ന് കരുതുന്നു.

കർഷക തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവും നൽകുന്നതിന് നടപടി

69 (2647) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവും വിതരണം ചെയ്യുന്നതിനും അപേക്ഷകൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിച്ചതിനെത്തുടർന്ന് ഇവയുടെ തുടർന്നുള്ള കുറ്റമറ്റ പ്രവർത്തനങ്ങൾക്കു തൊഴിൽ വകുപ്പ് നേതൃത്വം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly